

## അതിരപ്പിള്ളി പദ്ധതി

# പശ്ചാത്തലം, പിന്നാമ്പുറം

രവി എസ്.പി.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിർദ്ദേശത്തെക്കുറിച്ച് ജൂൺ 15-ന് പൊതുതെളിവെടുപ്പ് നടന്നു. പരിസ്ഥിതി സംരക്ഷണനിയമത്തിലെ പരിസ്ഥിതി ആഘാത പഠനത്തെ സംബന്ധിച്ച വിജ്ഞാപന പ്രകാരം പരിസ്ഥിതിക്ക് ഹാനികരമാകാവുന്ന പദ്ധതികളെക്കുറിച്ചും പദ്ധതികളെ സംബന്ധിച്ച് നടത്തുന്ന പരിസ്ഥിതി ആഘാത പഠനങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള വേദിയാണ് പൊതുതെളിവെടുപ്പ്. നിയമപ്രകാരമുള്ള ജനങ്ങളുടെ ഈ അവകാശം നിഷേധിക്കാൻ അധികൃതർ രണ്ട് വട്ടം ശ്രമിച്ചു. രണ്ടു തവണയും ബഹു. ഹൈക്കോടതി ഇടപെട്ടാണ് തെളിവെടുപ്പ് നടത്താൻ ഉത്തരവായത്. (2001 ഒക്ടോബർ 17-നും 2006 മാർച്ച് 23-നും). ആദ്യവിധിയെത്തുടർന്ന് 2002 ഫെബ്രുവരി 6-ന് തൃശൂർ ടൗൺഹാളിൽ പൊതു തെളിവെടുപ്പ് നടത്തിയെങ്കിലും, പദ്ധതിക്കെതിരായി അവിടെ ഉയർന്ന വികാരത്തെയും തെളിവെടുപ്പ് പാനൽ റിപ്പോർട്ടിനെയും അവഗണിച്ച്, രഹസ്യമായി നടത്തിയ പുതിയൊരു പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീണ്ടും അനുമതി നേടിയെടുക്കുകയിരുന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് അതിരപ്പിള്ളി പഞ്ചായത്ത് അടക്കം സമർപ്പിച്ച ഹർജികളിലാണ് പരിസ്ഥിതി അനുമതി റദ്ദാക്കിയും പൊതുതെളിവെടുപ്പ് നടത്താനാവശ്യപ്പെട്ടും 2006 മാർച്ച് 23-ന് ഹൈക്കോടതി വിധി പ്രസ്താവിച്ചത്.

വികസനത്തിന്റെ പേരിൽ മുന്നോട്ടുവെയ്ക്കുന്ന ഇത്തരം പദ്ധതികൾ പലതും ജനങ്ങളുടെ അവകാശങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമായി ചില നിക്ഷിപ്തലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കാൻ ശ്രമിക്കുന്നത്. വസ്തുതകൾ പലതും മറച്ചുവെച്ചുകൊണ്ട് അയഥാർത്ഥ വാഗ്ദാനങ്ങൾ നൽകിയാണ് ഇത്തരം പദ്ധതികളെ ന്യായീകരിക്കാൻ അധികൃതർ ശ്രമിക്കുന്നത്. ഇതിനെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ ചെയ്യുന്നവരെ വികസന വിരോധികളെന്നു മുദ്രകുത്തുന്നതാണിന്നത്തെ രീതി. പ്രത്യക്ഷത്തിൽ നിഷ്പക്ഷരെന്നു കണക്കാക്കപ്പെടുന്ന ചിലർ ജനപക്ഷത്തുനിന്നുള്ള ഇത്തരം സമരങ്ങളെ തമസ്കരിക്കുന്നതിനു കൂട്ടുനിൽക്കുന്നു എന്നത് അത്യന്തം ദുഃഖകരമാണ്. പ്ലാച്ചിമടയിലും എൻഡോസൾഫാൻ വിഷയത്തിലുമെല്ലാം നമ്മളിതു കണ്ടതാണ്.

അതിരപ്പിള്ളി സമരം ശാസ്ത്രത്തിന്റെ പിൻബലമില്ലാതെയാണെന്ന് വാദിക്കുമ്പോൾ ഡോ. എം.പി. പരമേശ്വരൻ അറിഞ്ഞോ അറിയാതെയോ പദ്ധതിയുടെ വക്താക്കളുടെ പക്ഷത്താകുകയാണ്. ശാസ്ത്രത്തെ കൂട്ടുപിടിക്കുന്ന ഡോ. പരമേശ്വരൻ, പക്ഷേ സമരക്കാർ പറയുന്ന കണക്കുകൾ തെറ്റാണെന്നു പ്രസ്താവിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് തെറ്റെന്നും അതെങ്ങനെയാണ് തെറ്റാകുന്നതെന്നും ശരിയെന്താണെന്നും പറയാനുള്ള അദ്ദേഹത്തിന്റെ ബാധ്യതയെ സൗകര്യപൂർവ്വം മറക്കുകയാണ്. പദ്ധതിമൂലം നഷ്ടപ്പെടുന്ന വനഭൂമി നാളെ എന്തായാലും സ്വകാര്യ ടൂറിസ്റ്റ് റിസോർട്ടുകളാകുമെന്നും അതുകൊണ്ടുതന്നെ ആ വനം വെട്ടി വൈദ്യുതിയുണ്ടാക്കുന്നതാണ് നല്ലതെന്നും പറയുന്ന ഡോ. എ. അച്ചുതനാകട്ടെ ഈ പദ്ധതിയെക്കുറിച്ചും പ്രദേശത്തെക്കുറിച്ചും ഉള്ള തന്റെ അജ്ഞതയാണ് വെളിപ്പെടുത്തുന്നത്.



പദ്ധതിയ്ക്കെതിരെ അതിരപ്പിള്ളിയിൽ നടന്ന 93 ദിവസം നീണ്ട സത്യാഗ്രഹ സമരത്തിൽനിന്ന്

അതിരപ്പിള്ളി പദ്ധതി പാരിസ്ഥിതികമായും സാമൂഹികമായും സാമ്പത്തികമായും നിലനിൽക്കത്തക്കതല്ല എന്ന തിരിച്ചറിവാണ് ഈ നദീതടത്തിലെ ജനങ്ങളെ പദ്ധതിക്കെതിരായ സമരമുഖത്തെത്തിച്ചത്. പദ്ധതിയെക്കുറിച്ച് ഉന്നയിച്ച വിമർശനങ്ങൾക്ക് മറുപടി പറയാനോ നേരിട്ട് ഒരു ചർച്ചയിലോ സംവാദത്തിലോ പങ്കെടുക്കാനോ കെ.എസ്.ഇ.ബി. ഇന്നുവരെ തയ്യാറായിട്ടില്ല. ഈ പദ്ധതി ബാധിക്കാനിടയുള്ള ഇതര സർക്കാർ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതി വിശദാംശങ്ങളും ഇ.ഐ.എ. പഠനറിപ്പോർട്ടും നൽകുന്നതിന് കെ.എസ്.ഇ.ബി. വിമുഖത കാണിച്ചു.

അതിരപ്പിള്ളി ഒരു പുതിയ വിഷയമല്ല. വളരെ വർഷങ്ങളായി ഇതിനെതിരായ സമരങ്ങൾ നടക്കുന്നുണ്ട്. ഞങ്ങൾ



ഉന്നയിച്ച വസ്തുതകളും കണക്കുകളും തെറ്റാണെങ്കിൽ വളരെ എളുപ്പത്തിൽ അധികൃതർക്ക് അതിനെ ഖണ്ഡിക്കാമായിരുന്നു. ഡോ. പരമേശ്വരനെപ്പോലുള്ളവർക്ക് ഞങ്ങൾ പറയുന്ന കാര്യങ്ങൾ തെറ്റാണെന്നു ബോധ്യമുണ്ടായിരുന്നുവെങ്കിൽ ഞങ്ങളുമായി സംവദിച്ച് അദ്ദേഹത്തിന്റെ നിലപാട് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടിയിരുന്നത്. അതാണ് ശാസ്ത്രീയ സമീപനം.

അതിരപ്പിള്ളി പദ്ധതിയിൽ ലഭ്യമാകുന്ന വൈദ്യുതിയുടെ കണക്കിനെക്കുറിച്ച് ഞങ്ങൾ ഉന്നയിച്ച തർക്കങ്ങൾ അംഗീകരിക്കാൻ കെ.എസ്.ഇ.ബി. നിർബന്ധിതരായി. ശരാശരി 387 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കാമെന്ന് കെ.എസ്.ഇ.ബി. അവകാശപ്പെട്ടിരുന്നുവെങ്കിലും 233 ദശലക്ഷം യൂണിറ്റ് മാത്രമാണ് കേന്ദ്ര വൈദ്യുത അതോറിറ്റി (സി.ഇ.എ) അംഗീകരിച്ചത്.

വേനൽക്കാലത്ത് വളരെ കുറച്ച് സമയമേ പുതിയ നിലയത്തിനു പ്രവർത്തിക്കാനാകൂ എന്ന വാദവും ബോർഡിനംഗീകരിക്കേണ്ടി വന്നു. ജനുവരി മുതൽ മേയ് വരെ പ്രതിദിനം ഒന്നരമുതൽ രണ്ടുമണിക്കൂർ വരെ മാത്രമേ നിലയം പ്രവർത്തിക്കുകയുള്ളൂ എന്ന് വാപ്കോസ് തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ പറയുന്നു. (ഇത് പോലും ഊതിപ്പെരുപ്പിച്ച കണക്കാണ്)

പുതിയ പദ്ധതി രേഖകൾക്കാധാരമായ ജലലഭ്യതയുടെ കണക്കുകൾ അവിശ്വസനീയമാണ്. 1940കൾ മുതൽ പുഴയിലെ ശരാശരി നീരൊഴുക്കിൽ കാര്യമായ മാറ്റം വന്നിട്ടില്ലെന്നതാണ് കെ.എസ്.ഇ.ബിയുടെ കണക്കുകൾ പറയുന്നത്. 1970നുശേഷം പുഴയിലെ വെള്ളത്തിൽ 35 ശതമാനത്തിലധികം പറമ്പിക്കുളം-അളിയാർ കരാറിനെ തുടർന്ന് തമിഴ്നാട്ടിലേക്ക് തിരിച്ചുകൊണ്ടു പോകുകയാണ്. എന്നാൽ 1970നു മുമ്പത്തെ അപേക്ഷിച്ച് ശരാശരി നീരൊഴുക്ക് ചെറിയ തോതിൽ വർദ്ധിച്ചതായാണ് കെ.എസ്.ഇ.ബി. രേഖകൾ പറയുന്നത്. ഇതെങ്ങനെ സംഭവ്യമാകും ?

അതിരപ്പിള്ളി പദ്ധതി ഡാമിനും പവർഹൗസിൽനിന്നുള്ള വെള്ളം പുഴയിലെത്തുന്ന പ്രദേശത്തിനും ഇടയിലുള്ള 8 കി.മീറ്ററോളം മാത്രമേ പുഴയെ ബാധിക്കൂ എന്നും സമർത്ഥിക്കാനാണ് കെ.എസ്.ഇ.ബി. ശ്രമിക്കുന്നത്. വൈദ്യുതി ഉല്പാദനത്തിനുശേഷം വെള്ളം തിരിച്ച് പുഴയിൽ തന്നെയാണ് വരുന്നത്. അതിനാൽ താഴെ പുഴയിൽ യാതൊരു പ്രശ്നവുമുണ്ടാവുകയില്ലെന്നാണ് വാദം. കണ്ണംകുഴി തോടിനു താഴെ പുഴയെ പഠിക്കാതെത്തന്നെ "ശാസ്ത്രീയമായി" പരിസ്ഥിതി ആഘാതപഠനം നടത്തിയവരും പുഴയിൽ താഴെ ഒരു ദോഷവും സംഭവിക്കില്ലെന്നും പറയുന്നു. എന്നാൽ അതിരപ്പിള്ളി പദ്ധതിയിൽ ഒരുപക്ഷേ ഏറ്റവും വ്യാപകമായ ദോഷങ്ങൾ സൃഷ്ടിക്കാൻ പോകുന്നത് പുഴയിലെ നീരൊഴുക്കിലുണ്ടാകുന്ന വൻ വ്യതിയാനമാണ്.

നിർദ്ദിഷ്ട ഡാമിനു 3 കി.മീ മാത്രം മുകളിലുള്ള പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയിൽ കിട്ടുന്ന വെള്ളം തന്നെയാണ് പുതിയ പദ്ധതിക്കും ആധാരം. (തനത് വൃഷ്ടി പ്രദേശത്തുനിന്ന് കേവലം 5 ശതമാനം വെള്ളമാണ് അധികമായി കിട്ടുക.)

പെരിങ്ങൽകുത്തിന്റെ നാലിലൊന്നു സംഭരണശേഷിയും (പെരിങ്ങൽ 33 ദശലക്ഷം ഘനമീറ്റർ, അതിരപ്പിള്ളി 8.44 ദശലക്ഷം ഘനമീറ്റർ) പെരിങ്ങൽകുത്ത് പദ്ധതിയെക്കാൾ 10 മീറ്റർ കുറവുമാത്രം 'ഹെഡ്ഡും' ആണ് (പെരിങ്ങൽ 170 മീറ്റർ, അതിരപ്പിള്ളി 160 മീറ്റർ) ആണ് പുതിയ പദ്ധതിക്കുള്ളത്. എന്നാൽ പെരിങ്ങൽകുത്തിൽ 48 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ളപ്പോൾ പുതിയ പദ്ധതിയിൽ ഇത് 163 മെഗാവാട്ടാണ്. സ്ഥാപിതശേഷി 163 മെഗാവാട്ടാണെങ്കിലും ഇവിടെനിന്നും പ്രതിവർഷം ഉൽപാദിപ്പിക്കാമെന്ന് കേന്ദ്ര വൈദ്യുത അതോറിറ്റി അംഗീകരിച്ച 233 ദശലക്ഷം യൂണിറ്റ് കേവലം 27 മെഗാവാട്ടിനു തുല്യമാണ്. അതായത് നിർദ്ദിഷ്ട നിലയത്തിന്റെ

നമ്പർ A3-1036/06

ഇടമലയാർ ഇറിഗേഷൻ പദ്ധതി, ഡിവിഷൻ നമ്പർ 2
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ചാലക്കുടി
തീയതി: 7-6-06

പ്രേഷിതൻ
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇടമലയാർ ഇറിഗേഷൻ പദ്ധതി ഡിവിഷൻ, നമ്പർ – 2, ചാലക്കുടി

സ്വീകർത്താവ്
ശ്രീ. എസ്.പി. രവി, കൺവീനർ,
ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം, ചാലക്കുടി

സർ,
വിഷയം : നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സംബന്ധിച്ച്
സൂചന : 27-5-2006ലെ താങ്കളുടെ കത്ത്

ചാലക്കുടി പുഴയിലെ നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി സംബന്ധിച്ച താങ്കളുടെ സഹായങ്ങൾക്ക് ഈ ആഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദ്യങ്ങളുടെ ക്രമത്തിൽ താഴെ പറയുംവിധം അറിയിച്ചുകൊള്ളുന്നു.

**1. അതിരപ്പിള്ളിയിലെ വൈദ്യുതി പദ്ധതിയെ സംബന്ധിച്ച് ഈ ഓഫീസുമായി ഔദ്യോഗികമായി ആരുംതന്നെ ബന്ധപ്പെടുകയോ ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല.**

**2. നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സംബന്ധിച്ച് WAPCOS എന്ന ഏജൻസി ഈ ഓഫീസുമായി നാളിതുവരെ ബന്ധപ്പെട്ടിട്ടില്ല.**

**3. ചാലക്കുടി ജലസേചന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പദ്ധതിയുടെ രൂപകൽപ്പന പ്രകാരമുള്ള ജലം ക്രമമായ രീതിയിൽ ലഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽനിന്നും ഉള്ള വ്യതിയാനം പദ്ധതിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്.**

വിശ്വസ്തതയോടെ,
(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ



യഥാർത്ഥ ശേഷി 16 ശതമാനം മാത്രമാണ്.

വേനൽക്കാലത്ത് ദിവസവും വൈകുന്നേരം ഒന്നരമുതൽ രണ്ടു മണിക്കൂർ വരെ നേരം മാത്രമാണ് പുതിയ നിലയം പ്രവർത്തിക്കുക (അതിനുള്ള ജലമേ ലഭ്യമാകൂ എന്നതാണ് കാരണം). മറ്റു സമയങ്ങളിൽ പുഴയിലുണ്ടാകുക വെള്ളച്ചാട്ടം നിലനിർത്താനെന്ന പേരിൽ നിർമ്മിക്കുമെന്നു പറയുന്ന 3 മെഗാവാട്ട് നിലയത്തിലൂടെ തുറന്നുവിടുമെന്നവകാശപ്പെടുന്നതുമായ നീരൊഴുക്കാണ്. ഇത് സെപ്തംബർ മുതൽ മാർച്ച് വരെ സെക്കന്റിൽ 7.6 ഘനമീറ്ററും (7600 ലിറ്റർ) ഏപ്രിൽ, മേയ് മാസങ്ങളിൽ സെക്കന്റിൽ 6.2 ഘനമീറ്ററും (6200 ലിറ്റർ) ആയിരിക്കുമെന്നു പറയുന്നു.

(12 മണിക്കൂർ വെള്ളച്ചാട്ടം എന്ന നിർദ്ദേശത്തിനു എതിർപ്പുവന്നപ്പോൾ വെള്ളച്ചാട്ടത്തിലൂടെയുള്ള നീരൊഴുക്ക് പകുതിയിൽ താഴെയാക്കിക്കൊണ്ട് അതേവെള്ളം 24 മണിക്കൂർ കൊണ്ട് തുറന്നു വിടുന്ന രീതിയിലാക്കി. കുറച്ച് മിച്ചവും വച്ചു!)

ചെറിയ നിലയം മാത്രം പ്രവർത്തിക്കുന്ന 22 മണിക്കൂർ നേരത്തെയും പ്രധാന നിലയം കൂടി പ്രവർത്തിക്കുന്ന 2 മണിക്കൂർ നേരത്തെയും നീരൊഴുക്കുകൾ തമ്മിലുള്ള അനുപാതം 1 : 17 മുതൽ 1 : 21 വരെയായിരിക്കും. അതായത് 22 മണിക്കൂർ നേരത്തെ നീരൊഴുക്കിന്റെ 17 മുതൽ 21 ഇരട്ടിവരെയായിരിക്കും 2 മണിക്കൂർ നേരത്തെ നീരൊഴുക്ക്. ഈ 2 മണിക്കൂർ നേരത്തെ നീരൊഴുക്ക് വെള്ളപ്പൊക്ക സമാനമാണ്. പ്രധാന നിലയത്തിലെ 2 ജനറേറ്ററുകളും പ്രവർത്തിക്കുമ്പോൾ സെക്കന്റിൽ 125 ഘനമീറ്റർ ജലമാണ് പുറത്തുവരിക. (വാപ്കോസിന്റെ പഠനറിപ്പോർട്ടിൽ തന്നെ പുഴയിലെ മഴക്കാലത്തെ നീരൊഴുക്ക് ഒരു സെക്കന്റിൽ 100 മുതൽ 110 ഘനമീറ്റർ ആണെന്നു പറയുന്നുണ്ട്)

ദിവസവുമുള്ള ഈ 1-2 മണിക്കൂർ വെള്ളപ്പൊക്കവും ബാക്കിസമയത്തെ തീരെ കുറഞ്ഞ നീരൊഴുക്കും വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുക. ചാലക്കുടി പുഴയിൽ കണ്ണംകുഴി തോടിനു താഴെ അപൂർവ്വ ആവാസവ്യവസ്ഥകളുള്ള തുരുത്തുകളുണ്ട്. (ഇവയിൽ ചിലത് ശലഭ ഉദ്യാനമാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്) ദിവസേനയുണ്ടാകുന്ന വെള്ളപ്പൊക്കം ഈ സവിശേഷ ആവാസ വ്യവസ്ഥകളെ ബാധിക്കും.

എന്നാൽ മുകളിൽ സൂചിപ്പിച്ച വസ്തുതകളെക്കാളെല്ലാം ഉപരി, നീരൊഴുക്കിലെ വ്യതിയാനം ജനങ്ങളെ ഏറ്റവും ബാധിക്കാൻ പോകുന്നത്, തുമ്പൂർമുഴി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. തൃശൂർ, എറണാകുളം ജില്ലകളിലായി 15,000 ഹെക്ടറോളം പ്രദേശത്ത് ജലസേചനത്തിന് ഉപയുക്തമാകുന്നതാണ് തുമ്പൂർമുഴി പദ്ധതി. ഇവിടെ ഒഴുകിയെത്തുന്ന വെള്ളം ഒരു തടയണകൊണ്ട് തടഞ്ഞുനിർത്തി ഇടത്-വലത് കനാലുകളിലൂടെ ജലസേചനത്തിനായി തിരിച്ചുവിടുകയാണ്. 2 കനാലുകളിലൂടെ തുറന്നുവിടാവുന്ന പരമാവധി ജലം സെക്കന്റിൽ 25 ഘനമീറ്ററാണ്. ഇതിന്റെ ഏകദേശം 75 ശതമാനം തുടർച്ചയായി നീരൊഴുക്കുണ്ടെങ്കിൽ (സെക്കന്റിൽ 18 ഘനമീറ്ററോളം) കനാലുകളിൽ എല്ലാ ഭാഗത്തും സുഗമമായി വെള്ളം എത്തിക്കാൻ കഴിയും. (നേരത്തെ ജലസേചനവകുപ്പുമായി ഉണ്ടായിരുന്ന ധാരണപ്രകാരം ജലസേചനം ആവശ്യമുള്ള സമയങ്ങളിൽ പുഴയിൽ തുടർച്ചയായി മേൽസൂചിപ്പിച്ച നീരൊഴുക്ക് ഉറപ്പുവരുത്താൻ കെ.എസ്.ഇ.ബി. ബാദ്ധ്യസ്ഥമാണ്. എന്നാൽ കഴിഞ്ഞ ഒന്നരപതിറ്റാണ്ടായി കെ.എസ്.ഇ.ബി. ഈ ബാധ്യത കൃത്യമായി നിറവേറ്റുന്നില്ല. അതിനെത്തുടർന്ന് തുമ്പൂർമുഴിയിൽനിന്നുള്ള ജലസേചനം ഇപ്പോൾ കാര്യമായി ബാധിക്കപ്പെടുന്നുണ്ട്.) പുതിയ പദ്ധതി നടപ്പിലാക്കിയാൽ 22 മണിക്കൂർ സമയം സെക്കന്റിൽ 6.2 മുതൽ 7.6 വരെ ഘനമീറ്റർ വെള്ളം മാത്രമാണ് പുഴയിലൂടെ ഒഴുകിയെത്തുക. ഈ നീരൊഴുക്ക് കനാലുകളിലൂടെ ഒഴുകി താഴെയുള്ള പഞ്ചായത്തുകളിലെത്താൻ പര്യാപ്തമല്ല. മഴയില്ലാത്ത 6 മാസങ്ങളിൽ പുഴയിലൂടെ ഒഴുകുന്ന മൊത്തം വെള്ളത്തിന്റെ 60 ശതമാനത്തിലധികം പ്രധാന നിലയം പ്രവർത്തിക്കുന്ന ഒന്നര-രണ്ട് മണിക്കൂർ കൊണ്ടാണ് പുഴയിലൂടെ ഒഴുകുക. ഈ സമയത്തെ പുഴയിലെ നീരൊഴുക്ക് സെക്കന്റിൽ 130 ന് മുകളിലാകും. ഇതിന്റെ 17-18 ശതമാനം മാത്രമാണ് കനാലുകൾക്ക് ഉൾക്കൊള്ളാനാകുക. ബാക്കി വെള്ളം വീയർ കവിഞ്ഞൊഴുകും. അതോടെ തുമ്പൂർമുഴിയിൽ ഇപ്പോൾ ജലസേചത്തിനു ലഭ്യമാകുന്ന വെള്ളത്തിന്റെ പരമാവധി 50 ശതമാനത്തോളം മാത്രമേ അതിരപ്പിള്ളി പദ്ധതി നടപ്പിലായാൽ തുടർന്ന് ലഭ്യമാകുകയുള്ളൂ. ഇതിൽ തന്നെ 40 ശതമാനത്തോളം വെള്ളമൊഴുകുന്ന നേരത്ത് കാര്യക്ഷമമായ ജലസേചനത്തിനാവശ്യമായ ജലനിരപ്പ് കനാലുകളിൽ ഇല്ലാതാവുകയും ചെയ്യും.

2002-ലെ പൊതുതെളിവെടുപ്പിൽ വളരെ ഗൗരവമായി ഉന്നയിക്കപ്പെട്ടിരുന്നതാണ് ഈ വിഷയം. പുതിയ പഠന സംഘം (വാപ്കോസ്) നീരൊഴുക്കിന്റെ രീതിയിലുള്ള വ്യതിയാനം കണ്ടില്ലെന്നു നടിച്ചുകൊണ്ട്, നേരത്തെ ഒരു മാസം കൊണ്ട് തുമ്പൂർമുഴിയിലൊഴുകിയിരുന്നത്ര വെള്ളം തന്നെ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കിയാലും ഉണ്ടാകുമെന്നും അതിനാൽ തുമ്പൂർമുഴി ജലസേചന പദ്ധതിയെ ഒരു തരത്തിലും ബാധിക്കുകയില്ലെന്നും കുറ്റകരമായ ലാഘവത്തോടെ എഴുതിയിരിക്കുന്നത് കെ.എസ്.ഇ.ബി.യുടെ പദ്ധതിയെ വെള്ള പൂശാനല്ലെങ്കിൽ മറ്റെന്തിനാണ്?

തുമ്പൂർമുഴി ജലസേചന പദ്ധതിയെ നിർദ്ദിഷ്ടപദ്ധതി ബാധിക്കുമോ എന്നറിയാൻ സാമാന്യബുദ്ധിയുള്ള ആരും ഏറ്റവും ആദ്യം ചെയ്യുക ജലസേചനവകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുകയെന്നതാണ് എന്നാൽ കെ.എസ്.ഇ.ബി.യോ പഠനം നടത്തിയവരോ ഇന്നുവരെ ഇത്തരമൊരു ചർച്ച നടത്തിയിട്ടില്ല. എന്നിട്ടും അവർ നടത്തിയ പഠനം "ശാസ്ത്രീയ"മെന്ന് ഡോ. എം.പി. പരമേശ്വരനു കരുതാം. പദ്ധതിക്കെതിരെ സമരം ചെയ്യുന്നത് അശാസ്ത്രീയമാണെന്നും ഹൈഡ്രോളജിയെക്കുറിച്ച് ഞങ്ങൾ പറയുന്ന കണക്കുകൾ തെറ്റാണെന്നും കരുതാം. പക്ഷേ തന്റെ വാദമുഖങ്ങൾ സമർത്ഥിക്കാനാവശ്യമായ വസ്തുതകൾ നിരത്താതെ അദ്ദേഹം പറയുന്നത് അംഗീകരിച്ചുകൊള്ളണമെന്നു മാത്രം വാശിപിടിക്കരുത്.

പുഴയെ സമ്പുഷ്ടമാക്കാൻ സഹായിക്കുന്ന, കാടിനെയും മണ്ണിനെയും തിരികെ കൊണ്ടുവരാൻ, ഖനനം ചെയ്തും മലിനപ്പെടുത്തിയും പുഴയെ മുറിവേൽപ്പിക്കുന്നത് നിയന്ത്രിക്കാൻ ശ്രമിക്കണമെന്നാഗ്രഹിക്കുന്നവരെ അതിൽനിന്ന് തടഞ്ഞ്, ചവറ്റുകുട്ടയിൽ പോലും സ്ഥാനമർഹിക്കാത്ത പദ്ധതികളുടെ പേരിൽ സമരമുഖത്ത് നിർത്തുന്നതിൽ കെ.എസ്.ഇ.ബി.യും വൈദ്യുതി മന്ത്രിമാരും മാത്രമല്ല പരമേശ്വരന്മാരും അച്ചുതന്മാരും കൂടിയുണ്ടെന്ന അറിവ് വേദനാജനകമാണ്.

*ചൈതന്യ, മുഴിക്കക്കടവ്, പരിയാരം, ചാലക്കുടി*